# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 12/1519/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 12/1519/21 തീയ്യതി: 28/01/2022

# പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-10-2021 | 22-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 22-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി.യു. ഓഡിറ്റ് ഓഫീസർ,

ശ്രീ. കെ.പി. മുഹമ്മദ് ഫാറൂക്ക്, അസി. ഓഡിറ്റ് ഓഫീസർ,

ശ്രീ. എ.കെ. ജിജീഷ്, സീനി. ഗ്രേഡ്. ഓഡിറ്റർ,
ശ്രീ.കെ.രാജൻ, ഓഡിറ്റർ ട്രെയിനി,
ശ്രീമതി. കെ. അനിത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷാജു ശങ്കർ.സി.എന് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കുഞ്ഞഹമ്മദ് കുട്ടി എം.സി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബാലകൃഷ്ണൻ. കെ.പി. | അസി.എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീമതി. സിത്താര. പി. | അസി.എഞ്ചിനീയർ | 01-08-2019 | 29-09-2019 |
| ശ്രീമതി.അമ്പിളി. എൻ. | അസി.എഞ്ചിനീയർ | 30-09-2019 | 31-03-2020 |
| ശ്രീ. രാധാകൃഷ്ണൻ.കെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ശ്രീകുമാർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലതാകുമാരി. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. വി. നാരായണൻ | വെറ്റിനറി സർജൻ | 01-04-2019 | 31-05-2019 |
| ഡോ. സുധീർ ബാബു | വെറ്റിനറി സർജൻ | 01-06-2019 | 22-07-2019 |
| ഡോ. എം. പ്രേംകുമാര് | വെറ്റിനറി സർജൻ | 23-07-2019 | 31-03-2020 |
| ഡോ. ധന്യ.എസ്.പി. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. എൻ.കെ. മോഹനൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 13-08-2019 |
| ഡോ. ജിജോ ജോസ്. കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 14-08-2019 | 14-09-2019 |
| ഡോ. അനിജ. എസ്. | മെഡിക്കൽ ഓഫീസർ | 15-09-2019 | 04-10-2019 |

| | | | |
|---|---|---|---|
| | (ആയുർവ്വേദം) | | |
| ഡോ. കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 05-10-2019 | 31-03-2020 |
| ശ്രീമതി. മാലിനി.പി. | വി.ഇ.ഓ | 01-04-2019 | 06-06-2019 |
| ശ്രീമതി. മല്ലിക | വി.ഇ.ഓ | 07-06-2019 | 21-11-2019 |
| ശ്രീ. ഗോപകുമാർ. എ. | വി.ഇ.ഓ | 22-11-2019 | 31-03-2020 |
| ശ്രീ. അനീഷ്. നാരായണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 21-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 19-01-2022)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി -<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Biju Antony (Audit Officer, On 22-10-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Anitha K (Auditor, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-9. |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-10 |
| 12 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി ലൈസൻസ് ഫീസ് ഈടാക്കിവരുന്നു<br>Written By: Anitha K (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-11 |
| 13 | റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Anitha K (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-12 |
| 14 | രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി | 1-13 |

| | | |
|---|---|---|
| | കാണുന്നില്ല.<br>Written By: Anitha K (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | |
| 15 | അങ്കണവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട്<br>Written By: K. Rajan (Auditor Trainee, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-14 |
| 16 | പൊതുമരാമത്ത് പ്രവൃത്തികൾ -അവലോകനം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 28-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-15 |
| 17 | അനുപൂരക പോഷകാഹാരം ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-16 |
| 18 | വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 27-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-17 |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 27-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-18 |
| 20 | ഷോപ്പിംഗ് കോംപ്ലക്സിലെ വാട്ടർ കണക്ഷനിൽ കുടിശ്ശിക തുക വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 27-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-19 |
| 21 | തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി. സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Biju Antony (Audit Officer, On 27-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-20 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 27-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-21 |
| 23 | തെരുവ് വിളക്കുകളുടെ പരിപാലനം - നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Biju Antony (Audit Officer, On 27-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Biju Antony (Audit Officer, On 29-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Biju Antony (Audit Officer, On 29-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Biju Antony (Audit Officer, On 29-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Biju Antony (Audit Officer, On 19-01-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Biju Antony (Audit Officer, On 06-10-2021)<br>Last Updated By: Anish A (Computer Assistant, On 28-01-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.
16-2-2019ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് തയ്യാറാക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 5392564 |
| തൻവർഷം വരവ് | 154790000 |
| ആകെ വരവ് | 160182564 |
| ചെലവ് | 154123206 |
| നീക്കിയിരിപ്പ് | 6059358 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

ബഡ്ജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കണം.
ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവരുടെ നിർദ്ദേശങ്ങളുടെ അഭാവത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

എ. സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല.

സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ-ബി.എസ്.13- RECEIPT AND REFUND OF DEPOSIT എന്ന ഭാഗത്ത് ലൈബ്രറി സെസ്, ഇൻകം ടാക്സ്, പ്രൊവിഡന്റ് ഫണ്ട്, എൻ.പി.എസ് തിരിച്ചടവ് മുതലായവ തുക വകയിരുത്തേണ്ടതാണ്.

ബി. പുതിയ ധനാഗമന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല.

2019-20 വർഷത്തേക്കുള്ള ബഡ്ജറ്റുകൾ പരിശോധിച്ചതിൽ പുതിയ ധനാഗമന സ്രോതസ്സുകൾ

കണ്ടെത്തുന്നതിന് നിർദ്ദേശങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മറ്റികളിൽ നിന്നും ഉയർന്ന് വന്നിട്ടില്ല.

സി. പെർഫോമൻസ് ബജറ്റ് , ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല

ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

ഡി. ബജറ്റിന്റെ പ്രതിമാസ / വാർഷിക അവലോകനം നടത്തിയിട്ടില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം, വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിലെ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.
വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം നടത്തിയിട്ടില്ല.

പ്രതിമാസ, വാർഷിക റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ച് സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

നിർദ്ദേശങ്ങൾ

1. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
3. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 31-5-2020 | - | - |

1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) തൻവർഷത്തെ വാർഷിക കണക്കുകളിൽ R&P Schedule ൽ RP -7 ൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വരവായി 125000/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ വരവായി ടി തുക ഉൾപ്പെട്ട് കാണുന്നില്ല. ബാലൻസ് ഷീറ്റിലും ഇപ്രകാരം തുകയുടെ നീക്കിയിരുപ്പ് കാണുന്നില്ല.

2) പെർമിറ്റുകൾ, വസ്തുനികുതി എന്നിവയുടെ സംക്ഷിപ്തങ്ങൾ വാർഷിക കണക്കിലെ റസീപ്റ്റ് ആന്റ് പേമെന്റ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3) ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) MGNREGS ന്റെ ശരിയായ അഡ്മിനിസ്ട്രേഷൻ ചെലവുകൾ താഴെപ്പറയും പ്രകാരമാണ്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| എം.എൻ. ആർ.ഇ.ജി. എസ്- അഡ്മി നിസ്ട്രേറ്റീവ് ചെലവ് | 11693 | 1621556 | 1633249 | 1599931 | 33318 |

എന്നാൽ വാർഷിക കണക്കിൽ MGNREGS ന്റെ അഡ്മിനിസ്ട്രേഷൻ ചെലവായി ചേർത്തിരിക്കുന്നത് മേൽസൂചിപ്പിച്ച കണക്കുകളിൽ നിന്ന് വ്യത്യസ്തമായിട്ടാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8112081 |
| വരവ് | 68544040 |
| ആകെ | 76656121 |
| ചെലവ് | 65084550 |
| നീക്കിയിരിപ്പ് | 11571571 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13686305 | 13686305 | 9823069 | 3863236 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 8775000 | 8775000 | 7551020 | 1223980 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 655000 | 655000 | - | 655000 |
| മെയിന്റനൻസ്, റോഡ് | 0 | 26789000 | 26789000 | 16577580 | 10211420 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3251000 | 3251000 | 2285553 | 965447 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8110999 | 8110999 | 3670358 | 4440641 |
| ലൈഫ് ഭവനപദ്ധതി (സംസ്ഥാന വിഹിതം ) | | 0 | 2190236 | 2190236 | 2190236 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 2166109 | 281883 | 2447992 | 1031086 | 1416906 |
| | ICDS | 937026 | 456357 | 1393383 | 278494 | 1114889 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 142500 | 1727644 | 1870144 | 330000 | 1540144 |
| | ജില്ലാ പഞ്ചായത്ത് | 296398 | 333227 | 629625 | 87500 | 542125 |

ലൈഫ് ഭവനം ലോൺ തുകയിലേക്ക് ജി.ഓ.പ്രോജക്ട് വഴി 960000/-രൂപ അടവാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 115931931 | 182 | 49246115 | 0 | 106 | 63 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 2241500 | 508000 | 22.7 |
| വി.ഇ.ഒ I | 12 | 11 | 44922748 | 10725174 | 23.9 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 4009350 | 2687568 | 67 |
| സെക്രട്ടറി | 27 | 21 | 6648810 | 3567453 | 53.7 |
| അസിസ്റ്റന്റ് | 210 | 118 | 46721309 | 21815287 | 46.7 |

| | | | | | |
|---|---|---|---|---|---|
| എഞ്ചിനിയർ | | | | | |
| മെഡിക്കൽ ഓഫീസർ-PHC | 9 | 9 | 1658932 | 1616991 | 97.5 |
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 1 | 925000 | 925000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 800000 | 800000 | 100 |
| അസി.സെക്രട്ടറി | 7 | 6 | 5045032 | 4357142 | 86.4 |
| വെറ്ററിനറി സർജ്ജൻ | 7 | 5 | 2959250 | 2243500 | 75.8 |
| ആകെ | 288 | 182 | 115931931 | 49246115 | 42.5 |

1-6 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11693 | 1621556 | 1633249 | 1599931 | 33318 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 17998677 | 17998677 | 17998677 | - |
| ആകെ | 11693 | 19620233 | 19631926 | 19598608 | 33318 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28800 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 2656200 | 402 |
| വിധവാപെൻഷൻ | 6639600 | 1111 |
| വാർദ്ധക്യകാലപെൻഷൻ | 9601800 | 1667 |
| വികലാംഗപെൻഷൻ | 1813100 | 314 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 784200 | 136 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് | 360000 | 12 |

| | | |
|---|---|---|
| വിവാഹധനസഹായം | | |

1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-10-2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. എന്നാൽ രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടുവാൻ സാധിച്ചില്ല. ക്യാഷ് പരിശോധനയിൽ ഫ്രണ്ട് ഒാഫീസ് ഡേ ബുക്ക് പ്രകാരം 35725/- രൂപയാണ് ആകെ വരവായി കാണുന്നത്. എന്നാൽ ടി സമയം ക്യാഷിന്റെ ഭൗതിക പരിശോധന നടത്തിയപ്പോൾ 10640/-രൂപ മാത്രമാണ് കാണപ്പെട്ടത്. ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം: 3 ന മറുപടിയായി അറിയിച്ചത് ILGMS സംവിധാനം വന്നതിനുശേഷം ഫ്രണ്ട് ഓഫീസ് കളക്ഷനിൽ നിന്നു ലഭിക്കുന്ന തുകയും ക്യാമ്പ് കളക്ഷനിൽ നിന്നു ലഭിക്കുന്ന തുകയും ഒരേ സമയം ഡേ ബുക്കിലേക്ക് വരവായി ചേർത്തു വരുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നതെന്നും ILGMS സോഫ്റ്റ് വെയർ പരിഷ്കരണത്തിലൂടെ മാത്രമേ പ്രസ്തുത രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ കഴിയു എന്നുമറിയിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് വ്യക്തത വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9. ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച വിശദ വിവരങ്ങൾ 2020-21 വർഷത്തെ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-2-2020 | 1/2020 | 11-3-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-3-2018 മുതൽ 28-3-2018 | 2012-2013 മുതൽ 2016-17 | 20-6-2018 |

1-11 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി ലൈസൻസ് ഫീസ് ഈടാക്കിവരുന്നു

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റി 31.10.2017-ലെ സ.ഉ (പി) നം.

80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിവരുന്നത്.

മേൽ കാര്യങ്ങളിൽ വിശദാംശമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 04/13.10.21) മറുപടി ലഭ്യമാക്കിട്ടില്ല. 31.01.2019 ലെ 7(9) ഭരണ സമിതി തീരുമാന പ്രകാരം മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നിട്ടും മൂലധനം രേഖപ്പെടുത്താത്ത അപേക്ഷകൾ സ്വീകരിക്കുകയും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിനാലും ലൈസൻസ് ഫീസ് ഇനത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ട പ്രകാരമുള്ള ഓരോ മേഖലയേയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉപമേഖലകളായി വിഭജിച്ച് സ്ഥാപനങ്ങൾക്ക് ഉചിതമായ ഫീസ് നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

## 1-12 റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ൽ ക്രമ നം. 149 ആയി ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ക്രമ നം. 139 ആയി അബ്കാരി ഷാപ്പുകളെയും ഉൾപ്പെടുത്തി റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.01.2019 ലെ നം. (സിഎസ്)ഏ9/764/19 ലെ സ്പഷ്ടീകരണം ഉത്തരവിൽ പ്രസ്തുത കാര്യം നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല. വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.03/13.10.2021) മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല.

കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചിരിക്കുന്ന 35702, 35718, 6981, 6983 എന്നീ രശീതി ബുക്കുകളിൽ

സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വഷണത്തിന് (04/13.10.2021) മറുപടി ലഭ്യമാക്കിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 അങ്കണവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രി യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ICDS.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഇതേ നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഭക്ഷ്യ മിശ്രിതം തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും, സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതത്തിന്റെ സാമ്പിളുകൾ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം പരിശോധനയ്ക്ക് വിധേയമാക്കി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോ എന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.10.2021) രണ്ട് മാസത്തിലൊരിക്കൽ ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിക്കകം ലഭ്യമാക്കുന്നതിന് കോവിഡ്-19 നിയന്ത്രണങ്ങൾ തടസ്സമാകുന്നുണ്ടെങ്കിലും ഭാവിയിൽ ലാബ് റിപ്പോർട്ട് സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

1-15 പൊതുമരാമത്ത് പ്രവൃത്തികൾ -അവലോകനം

2019-20 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് മേഖലയിൽ 210 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭ്യമായിട്ടുള്ളത്. ഇവയിൽ 118 പ്രൊജക്ടുകളാണ് തൻ വർഷം നടപ്പിലാക്കിയിട്ടുള്ളത്. 92 പ്രവൃത്തികൾ തൻ വർഷം നടപ്പിലാക്കിയില്ല.

നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

(1) മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ്, അബ്സ്ട്രക്റ്റ് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്), എന്നിവയെല്ലാം പ്രോജക്റ്റ് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്, മേൽ പറഞ്ഞ രേഖകളിൽ അബ്സ്ട്രക്റ്റ് എസ്റ്റിമേറ്റ്, ഡാറ്റ, മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ സൂക്ഷിക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഓരോ വർഷവും വിവിധ പ്രദേശങ്ങളിൽ നിർവഹിക്കുന്ന റോഡുകളുൾപ്പെടെയുള്ള പ്രൊജക്ടുകളുടെ ആവശ്യകത, ആധികാരികത, കൃത്യത എന്നി

പരിശോധിച്ചുറപ്പിക്കുന്നതിന് സാധിക്കുന്നില്ല.

3. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4. സമർപ്പിക്കപ്പെട്ട ടെൻഡറുകളിൽ പലതിലും അവസാനത്തെ താളിൽ നിർവഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ട വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

5. ടെൻഡറിനൊപ്പം സമർപ്പിക്കപ്പെടുന്ന പ്രാഥമിക കരാർ പത്രത്തിൽ ആവശ്യമായ വിവരങ്ങൾ കരാറുകാർ രേഖപ്പെടുത്തുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധയുമായി ബന്ധപ്പെട്ട വസ്തുതകളും അപാകതകളിന്മേലുള്ള പരിഹാര നിർദേശങ്ങളും വിശദമായി 2020-21 ലെ ഓഡിറ്റ് റിപ്പോർട്ടലുൾക്കൊള്ളിച്ചിട്ടുണ്ട്.

1-16 അനുപൂരക പോഷകാഹാരം ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം.65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. തുടർന്ന് 08.09.2020 ലെ സർക്കുലർ നം.ഡി.എ1/87/2019 തസ്വഭവ ഖണ്ഡിക 3 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെയും ഘടകസ്ഥാപനങ്ങളിലെയും എല്ലാ ഡി.ഡി.ഒ.മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ GST-TDS കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ടുകൾ പ്രകാരം സ്വദേശി ഫുഡ്സ്, ആനപ്പാറ, ചെറായ, കോങ്ങാട് - 678631 ( GSTIN : 32ACLFS3513P1ZT) എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1)

| | |
|---|---|
| പ്രോജക്റ്റ് | 98/19-20 അനുപൂരക പോഷകാഹാരം |
| അടങ്കൽ | വികസന ഫണ്ട് 900000 |
| | കേന്ദ്ര വിഹിതം 500000 |
| | ആകെ 140 0000 |
| ചെലവ് | വികസന ഫണ്ട് 900000 |
| | കേന്ദ്ര വിഹിതം 185862 |

| | |
|---|---|
| | ആകെ 1085862 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

(2)

| | |
|---|---|
| പ്രോജക്റ്റ് | 156/19-20 അനുപൂരക പോഷകാഹാരം |
| അടങ്കൽ | എസ് സിപി 200000 |
| | കേന്ദ്ര വിഹിതം 100000 |
| | ആകെ 300000 |
| ചെലവ് | എസ് സിപി 200000 |
| | കേന്ദ്ര വിഹിതം 92632 |
| | ആകെ 292632 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നമ്പർ & തീയതി | തുക | പ്രൊജക്റ്റ് നമ്പർ |
|---|---|---|---|
| 1 | 547/11.07.2019 | 13254 | 98/19-20 |
| 2 | 548/11.07.2019 | 15996 | -Do- |
| 3 | 549/11.07.2019 | 3528 | -Do- |
| 4 | 550/11.07.2019 | 50287 | -Do- |
| 5 | 573/22.8.2019 | 50830 | -Do- |
| 6 | 574/22.8.2019 | 4189 | -Do- |
| 8 | 575/22.8.2019 | 17403 | -Do- |
| 9 | 576/22.8.2019 | 12487 | -Do- |
| 10 | 424/25.7.2019 | 1086 | -Do- |
| 11 | 610/19.10.2019 | 16500 | -Do- |
| 12 | 611/19.10.2019 | 13130 | -Do- |
| 13 | 612/19.10.2019 | 53944 | -Do- |
| 14 | 624/10.11.2019 | 57942 | -Do- |
| 15 | 625/10.11.2019 | 16911 | -Do- |
| 16 | 626/10.11.2019 | 3748 | -Do- |
| 17 | 627/10.11.2019 | 13202 | -Do- |
| 18 | 635/13.12.2019 | 62359 | -Do- |
| 19 | 636/13.12.2019 | 15372 | -Do- |

| | | | |
|---|---|---|---|
| 20 | 637/13.12.2019 | 13050 | -Do- |
| 21 | 650/23.12.2019 | 3969 | -Do- |
| 22 | 664/17.1.2020 | 59337 | -Do- |
| 23 | 665/17.1.20 | 14647 | -Do- |
| 24 | 667/17.1.20 | 13090 | -Do- |
| 25 | 681/19.2.20 | 57486 | -Do- |
| 26 | 682/19.2.20 | 15788 | -Do- |
| 27 | 683/19.2.20 | 4777 | -Do- |
| 28 | 684/19.2.20 | 13465 | -Do- |
| 29 | 666/17.1.2020 | 4729 | -Do- |
| 30 | 478/14.4.19 | 54300 | -Do- |
| 31 | 479/14.4.2019 | 13760 | -Do- |
| 32 | 480/14.4.2019 | 17034 | -Do- |
| 33 | 481/14.4.2019 | 7200 | -Do- |
| 34 | 501/15.5.2019 | 50287 | -Do- |
| 35 | 502/15.5.2019 | 16200 | -Do- |
| 36 | 503/15.5.2019 | 4262 | -Do- |
| 37 | 504/15.5.2019 | 13344 | -Do- |
| 38 | 524/19.6.2019 | 53400 | -Do- |
| 39 | 525/19.6.2019 | 4188 | -Do- |
| 40 | 526/19.6.2019 | 16412 | -Do- |
| 41 | 527/19.6.2019 | 13550 | -Do- |
| 42 | 588/23.9.2019 | 55940 | 156/19-20 |
| 43 | 589/23.9.2019 | 5880 | -Do- |
| 44 | 590/23.9.2019 | 17813 | -Do- |
| 45 | 591/30.9.2019 | 12831 | -Do- |
| 46 | 609/19.10.2019 | 2278 | -Do- |
| | ആകെ | 981185 | |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനു ശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/13.10.2021) മറുപടിയായി സപ്ലൈയർ ജി.സ്.ടി.തുക അടവാക്കിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

1-17 വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-51C-777 Scorpio വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മാർഗനിർദേശങ്ങൾ സ.ഉ (എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (ആർ ടി) 1699/2017/തസ്വഭവ തി 24.5.2017 ലെ ഖണ്ഡികകൾ 6.5.5(V) , 6.5.10 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലാർക്കിന് വാഹനങ്ങളുടെ സൂക്ഷിപ്പുകാരനായി ചുമതല നൽകുകയും ലോഗ് ബുക്ക് സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ഇവരിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ക്രമീകരണങ്ങളൊന്നും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശമുണ്ട്.

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് 2019-20, വർഷത്തിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ ഇതു സംബന്ധിച്ച ഫ്യൂവൽ റജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

വാഹന പുക ടെസ്റ്റ്

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ജി.ഒ(പി)നം.161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചിയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

പ്രതിമാസ, വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ഓരോ വർഷവും എത്ര ലിറ്റർ ഇന്ധനമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാനും സാധിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/11-10-2021)ന് ഇന്ധന ക്ഷമത ടെസ്റ്റ് നടത്താൻ ചലാൻ മുഖേന ഫീസ് അടച്ചിരുന്നു എന്നും എന്നാൽ കോവിഡ് കാലയളവ് ആയതിനാൽ തുടർ നിർദേശങ്ങൾ ലഭിച്ചില്ല എന്നും മറുപടിയായി അറിയിച്ചിട്ടുണ്ട് .

റിപ്പയർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച റിപ്പയർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മാറ്റിയ സാധനങ്ങൾ വാറണ്ടി കാലയളവ് കഴിയുന്നതിന് മുമ്പ് വീണ്ടും മാറ്റി സ്ഥാപിക്കുന്നുണ്ടോ, റിപ്പയർ സംബന്ധിച്ച് അമിതമായി ചെലവ് വരുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. കൂടതെ വാങ്ങിയ സാധനങ്ങൾ സംബന്ധിച്ചും മാറ്റി സ്ഥാപിച്ച സാധനങ്ങൾ സംബന്ധിച്ചും സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

നിർദ്ദേശങ്ങൾപാലിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. സ.ഉ(എം.എസ്)നം.170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, സർക്കാർ ഉത്തരവ് (ആർ.ടി) 1699/2017/തസ്വഭവ തീ. 24.5.2017 ലെ ഖണ്ഡികകൾ 6.5.5(V) , 6.5.10 എന്നിവയിലെ വ്യവസ്ഥകൾ എന്നിവ പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
2. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
3. വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
4. വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

1-18 തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 610589/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം സെക്ഷനുകളിലുള്ള ഓഫീസുകളിലേക്കാണ് തുക അടവാക്കിയിട്ടുള്ളത്.

റജിസ്റ്റർ പ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ലൈറ്റുകളുടെ ഇനം | എണ്ണം |
|---|---|
| CFL | 1700 |
| LED | 210 |
| High Mast | 16 |
| | 1926 |

ഇതു സംബന്ധിച്ച് താഴെസൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

- തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല.
- തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികളിൽ മാറ്റി സ്ഥാപിക്കുന്ന സാമഗ്രികൾ ഉൾപ്പെടുമ്പോൾ പഴയ സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല.

ടി വിഷയങ്ങളിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/13-10-2021) ന് ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി യോട് നിരന്തരം

ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ ഇതു വരെ ആയത് നടത്താൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പരാതി റജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്, എന്നാൽ ആരും ടി റജിസ്റ്ററിൽ പരാതി രേഖപ്പെടുത്തുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പരാതി റജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ സംയുക്ത പരിശോധന നടത്തി ബൾബുകളുടെ, ലൈറ്റുകളുടെ എണ്ണം കൃത്യമാക്കി ആയതിന്റെ ഉപയോഗത്തിനനുസരിച്ച് മാത്രം ബിൽ തുക അടവാക്കുന്നതിനും അടിയന്തിരമായി മീറ്ററിങ്ങ് സമ്പ്രദായം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-19 ഷോപ്പിംഗ് കോംപ്ലക്സിലെ വാട്ടർ കണക്ഷനിൽ കുടിശ്ശിക തുക വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

ഷോപ്പിംഗ് കോംപ്ലക്സിലെ വാട്ടർ കണക്ഷന്റെ അരിയറായ തുക കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നതിനായി 2019 ഏപ്രിൽ മാസത്തിലെ വൗച്ചർ നം. 21900041 പ്രകാരം തനത് ഫണ്ടിൽ നിന്നും വാട്ടർ ചാർജ് ഇനത്തിൽ 22477/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെസൂചിപ്പിക്കുന്ന വിവരങ്ങൾ ചേർക്കുന്നു.

ആദ്യം ഉണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ലക്സിലേക്കുള്ള വാട്ടർ കണക്ഷന്റെ ചാർജ് വാടകക്കാരിൽ നിന്ന് ഈടാക്കുകകയോ അടവാക്കുകയോ ചെയ്യാതെ കാലങ്ങളായി കുടിശ്ശിക ആയി നിലനിന്നിരുന്നു. പിന്നീട് ഈ ഷോപ്പിംഗ് കോംപ്ലക്സ് പുതുക്കി പണിതപ്പോൾ പുതിയ കുടിവെള്ളകണക്ഷന് അപേക്ഷിക്കുകയും ടി സാഹചര്യത്തിൽ പഴയ കണക്ഷന്റെ കുടിശ്ശിക വാട്ടർ ചാർജ് അടവാക്കിയാൽ മാത്രമേ പുതിയ കണക്ഷൻ അനുവദിക്കുകയുള്ളൂ എന്ന് വാട്ടർ അതോറിറ്റി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനിടയിൽ പഴയ വാടകക്കാർ ഒഴിഞ്ഞ് പോയതിനാൽ അവരിൽ നിന്ന് തുക ഈടാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് നേരിട്ട് തുക അടവാക്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽസൂചിപ്പിച്ച കാര്യങ്ങളിൽ ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

ഷോപ്പിംഗ്കോംപ്ലക്സിലെ വാട്ടർചാർജ് കുടിശ്ശികയായി നിന്നിരുന്നത് യഥാസമയം വാടകക്കാരിൽ നിന്ന് തുക ഈടാക്കി അടവാക്കാൻ ശ്രദ്ധിക്കാതിരുന്നതിനാലാണ്. കുടിശ്ശിക അടവാക്കേണ്ട സാഹചര്യം ഉണ്ടായപ്പോൾ പോലും ടി തുക വാടകക്കാരിൽ നിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. പിന്നീട് പുതുക്കിയ ഷോപ്പിംഗ്കോംപ്ലക്സിലെ വാടകക്കാരിൽ മുൻ വാടകക്കാരുണ്ടെങ്കിൽ അവരിൽ നിന്നും ടി തുക ഈടാക്കാൻ നടപടി സ്വീകരിക്കാമായിരുന്നു. അത്തരം നടപടികളും സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/13-10-2021) അടിയന്തിരമായി വാട്ടർ ചാർജ് അടവാക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് ഇപ്രകാരം ചെലവ് നിർവ്വഹിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ ഷോപ്പിംഗ്കോംപ്ലക്സ് പ്രവർത്തനക്ഷമമാണ് എന്നും വാടകക്കാർ വാട്ടർ ചാർജ് അടച്ചുവരുന്നുണ്ട് എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ മുൻ വാടകക്കാരിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 22477/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-20 തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി. സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്റ്റിന്

(പ്രോജക്റ്റ് നം.7/2020) തൻവർഷം 199954/-രൂപ ചെലവഴിച്ചിട്ടുണ്ട്.(ട്രഷറി ബിൽ നമ്പർ 20/20-1-2020 പ്രകാരം). ക്രൂസ് ആണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 89എൽ.ഇ.ഡി. ലൈറ്റുകളാണ് സ്ഥാപിച്ചതായിട്ടാണ് ഫയലിൽ രേഖപ്പെടുത്തലുകൾ ഉള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്ന് സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

2. കെ.എസ്.ഇ.ബിയിലേക്ക് സൂപ്പർവിഷൻ ചാർജ് അടച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തിയിൽ കെ.എസ്.ഇ.ബി മേൽനോട്ടം നിർവ്വഹിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/20-10-2021) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രത്തിന് കെ.എസ്.ഇ.ബിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് സംയുക്ത പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കാമെന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ കെ.എസ്.ഇ.ബിയിലേക്ക് സൂപ്പർവിഷൻ ചാർജ് അടവാക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിനാലും തുക നൽകുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയിൽ നിന്ന് സാക്ഷ്യപ്പെടുത്തലുകൾ ലഭ്യമാക്കാത്തതിനാലും സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. ആയതിനാൽ ടി സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 199954/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

താഴെ രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 21/25-2-2020, Rs. 500000 | 500000 | - | 500000 |

| | | | | | |
|---|---|---|---|---|---|
| KSEB | SO239/20-വൈദ്യുതി ലൈൻ നീട്ടൽ ( തനത് ഫണ്ട്) | 21900214/26-6-19, Rs. 86837, 21900604/28-11-2019, Rs. 8781 | 95618 | - | 95618 |

ടി പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/20-10-2021) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി പരിശോധയ്ക്ക് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കി വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 തെരുവ് വിളക്കുകളുടെ പരിപാലനം - നടപടിക്രമങ്ങളിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്കുകളുടെ സംരക്ഷണം എന്ന പ്രോജക്ടിലൂടെ (പ്രോജക്ട് നം.8/2020-New) പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുകയും കേടായ ചില ലൈറ്റുകൾ മാറ്റിയിടുകയും ചെയ്തിട്ടുണ്ട്. ആയതിനായി തൻവർഷം 154462/- രൂപ (ട്രഷറി ബിൽ നം.19/20-1-2020) ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഏജൻസിയായ ഗ്രാമജ്യോതി ലൈറ്റിംഗ്സിന് ആണ് തുകകൾ നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെരേഖപ്പെടുത്തിയിട്ടുള്ള അപാകതകൾ സംഭവിച്ചിട്ടുണ്ട്.

മേൽസൂചിപ്പിച്ച പ്രവൃത്തി പുതിയ പ്രോജക്ട് ആയിട്ടാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി നിർവ്വഹണത്തിന് ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ അക്രഡിറ്റഡ് ഏജൻസിക്ക് നേരിട്ട് നിർവ്വഹണം നടത്തുന്നതിന് ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി നിർവ്വഹിക്കുന്നതിന് ക്രൂസിന്റെ കീഴിലുള്ള ഗ്രാമജ്യോതി ലൈറ്റിംഗ്സിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള യാതൊരു തീരമാനങ്ങളും ഭരണസമിതി എടുത്തിട്ടില്ല.

1. മാറ്റിയ തെരുവ് വിളക്കുകൾ എവിടെയെന്നോ , എത്രയെന്നോ വ്യക്തമാക്കുന്ന യാതൊരു സാക്ഷ്യപ്പെടുത്തലുകളും കെ.എസ.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.
2. മാറ്റി സ്ഥാപിക്കപ്പെട്ട കേടുവന്ന ബൾബുകൾ , മറ്റ് സാധന സാമഗ്രികൾ എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടി പ്രോജക്ട് 2018-19 വർഷം നടപ്പാക്കിയ പ്രോജക്ടിന്റെ തുടർ പ്രോജക്ട് ആണെന്നും മുൻവർഷം മതിയായ തുക ലഭ്യമാകാതിരുന്നതിനാൽ തൻവർഷം ആയതിന് ബാക്കി നൽകാനുണ്ടായിരുന്ന തുക

നൽകാമെന്ന് ഭരണസമിതി തീരമാനം എടുത്തിട്ടുണ്ട് എന്നും മറുപടി അറിയിച്ചിട്ടുണ്ട്. കൂടാതെ മാറ്റിയിട്ട സാധനങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് സ്റ്റോക്കിൽ എടുത്ത് പരിശോധനയ്ക്ക് ഹാജരാക്കാം എന്നും അറിയിച്ചിട്ടുണ്ട്.

2018-19 വർഷം നടപ്പാക്കിയ പ്രോജക്ടിന്റെ തുടർ പ്രോജക്ട് ആണെങ്കിൽ ആയത് സ്പിൽഓവർ പ്രോജക്ട്

ആയി നടപ്പാക്കണമായിരുന്നു. കൂടാതെ മുൻവർഷം തന്നെ പ്രോജക്ട് ഭേദഗതി വരുത്തി ആവശ്യമായ ഫണ്ട് വകയിരുത്തുകയും ചെയ്യണമായിരുന്നു. എങ്കിലും നിർവ്വഹണം നടത്തിക്കഴിഞ്ഞ സാഹചര്യത്തിൽ മാറ്റിയ സാധനങ്ങളുടെ സ്റ്റോക്ക് എടുക്കുകയും പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്. നടപടിക്രമങ്ങളിലെ ഇത്തരം പാളിച്ചകൾ സംഭവിക്കാതെയിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 150000 | 0 |
| | | 371250 | നെൽകൃഷി വികസനം | 0 | 371250 |
| | | 444321 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 80000 | 364321 |
| | | 762073 | ലൈഫ് ഭവന പദ്ധതി (SCP) | 100000 | 662073 |
| ആകെ | | 1870144 (മുന്നിരിപ്പ് 142500 ഉൾപ്പെടെ) | | 330000 | 1540144 |
| ജില്ലാ | 2019-20 | 87500 | കുട്ടികൾക്കുള്ള | 87500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| പഞ്ചായത്ത് | | 245727 | ലൈഫ് ഭവന പദ്ധതി | 0 | 245727 |
| ആകെ | | 629625 (മുന്നിരിപ്പ് 296398 ഉൾപ്പെടെ) | | 87500 | 542125 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21/25-2-2020, Rs. 500000 | 500000 | - | 500000 |
| KSEB | വൈദ്യുതി ലൈൻ നീട്ടൽ | 21900214/ 26-6-19, Rs. 86837, 21900604/ 28-11-2019, Rs. 8781 | 95618 | - | 95618 |
| ആകെ | | | 595618 | | 595618 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 960000/-രൂപ വരവുണ്ട്. മുൻബാക്കി 5288634/-രൂപയടക്കം 6248634/- രൂപയിൽ 6248634/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കി യുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ | G.O.(MS) 68/18 /18-5-18 | 5288634(OB) 960000 6248634 | 6248634 | 485294 (As Per G.O Project) | | 5763340 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23-3-2020 | 1 Year | 500000 | |
| 2 | ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23-3-2020 | 1 Year | 500000 | |
| ആകെ | | | | 1000000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 8112081 |
| ഓഡിറ്റ് വർഷത്തെ വരവ് | 68544040 |
| ആകെ | 76656121 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 65084550 |
| നീക്കിയിരിപ്പ് | 11571571 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 222431 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 22477 | സി.കുഞ്ഞഹമ്മദ് കുട്ടി, സെക്രട്ടറി |
| 1-20 | 199954 | സി.കുഞ്ഞഹമ്മദ് കുട്ടി, സെക്രട്ടറി |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സി.കുഞ്ഞഹമ്മദ് കുട്ടി | സെക്രട്ടറി (റിട്ടയേർഡ്) | - |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1998-99<br>1999-00<br>2000-01<br>2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07 | LF.P12/1152/18/ 4-8-2019 | ഓഡിറ്റ് അദാലത്ത് |
| 2007-08 | LF.P12/ 2202/12/3.4.2013 | പുനരഭിപ്രായം |
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10<br>2010-11 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |
| 2011-12 | LF.P12/1583/14/3.10.2014 | പുനരഭിപ്രായം |
| 2012-13 | L.F.P12/1147/15/7.9.2015 | പുനരഭിപ്രായം |
| 2013-14 & 2014-15 | KSA PKD-12/951/2016 Dt.27.12-2017 | പുനരഭിപ്രായം |
| 2015-16 | KSA.PKD 12/2323/16 Dt. 13.3.2018 | പുനരഭിപ്രായം |
| 2016-17 | KSA.PKD .12-1540/17 Dt.5.3.2018 | പുനരഭിപ്രായം |
| 2017-18 | KSA.PKD12-2396/18 Dt. 22.6.2020 | പുനരഭിപ്രായം |
| 2018-19 | KSA.PKD12-746/20 Dt. 9-10-2020 | പുനരഭിപ്രായം |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>Balance Sheet | | |
| | For the period from 01- April 2019 to 31-March 2020 | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 39036260.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | | 2206.00 |
| 312000000 | Reserves | B-3 | 84620636.00 |
| | Total Reserve & Surplus | | 123659102.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | |
| | Total Grants, Contributions for Specific Purposes | | 4647382.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5763340.00 |
| | Total Loans | | 5763340.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 782109.00 |
| 350000000 | Other Liabilities | | 1114416.65 |
| | Total Current Liabilities and Provisions | | 1896525.65 |
| | TOTAL LIABILITIES | | 135966350.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 129831191.00 |
| 411000000 | Accumulated Depreciation | B-11 | -14490680.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11 (a) | 91428.00 |
| | Total Fixed Assets | | 115431939.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000000.00 |
| | Total Investments | | 1000000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 410860.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 5763340.00 |
| 450000000 | Cash and Bank Balance | B-17 | 11571571.00 |
| 460000000 | Loans, Advances and Deposits | B-18 | 1788640.00 |
| | Total Current Assets, Loans and Advances | | 19534411.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 135966350.00 |

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 4669574.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 1283496.00 |
| 140000000 | Fee & User Charges | 1-4(b) | 2608661.00 |
| 150000000 | Sale & Hire Charges | 1-5(b) | 234672.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 98879059.00 |
| 171000000 | Interest Earned | 1-8 | 67049.00 |
| 180000000 | Other Income | 1-9 | 100.00 |
| | Total Income | | 107742611.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | 1-10(b) | 8043869.00 |
| 220000000 | Administrative Expenses | 1-11 (b) | 1206696.00 |
| 230000000 | Operations & Maintenance | 1-12(b) | 2913141.00 |
| 240000000 | Interest & Finance Charges | 1-13 | 904.00 |
| 250000000 | Decentralised Plan Programme- | I— 14 | 3666400.00 |

| | | | |
|---|---|---|---|
| | Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | 1-14(a) | 41217240.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | | 2474540.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | 1-14(c) | 468216.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | 1-14(d) | 21984850.00 |
| 255000000 | Maintenance Projects | | 3300039.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-15(a) | 1105524.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | 1-15 | 44000.00 |
| 272000000 | Depreciation | 1-17(a) | 10481740.00 |
| | Total Expenditure | | 96907159.00 |
| | Gross Surplus/ Deficit of income over Expenditure | | 10835452.00 |
| 280000000 | Prior Period Item | 1-18 | -8760.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10844212.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br><br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8084839.00 |
| Cash | Cash | RP-40(a) | 27242.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 1608630.00 |
| 130000000 | Rental income from Panchayat Properties | RP-3 | 204300.00 |
| 140000000 | Fees & User Charges | RP-4 | 2456563.00 |
| 150000000 | Sale & Hire Charges | RP-5 | 226922.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52006208.00 |
| 171000000 | Interest Earned | | 67049.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6574066.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 230082.00 |
| | Non Operating | | |
| 180000000 | Other Income | RP-IO | 100.00 |
| 311000000 | Earmarked Funds | RP-29 | 1318.00 |
| 330000000 | Secured Loans | RP-32 | 960000.00 |
| 340000000 | Deposits Received | RP-34 | 137261.00 |
| 350000000 | Other Liabilities | RP-36 | 314630.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3752911.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 4000.00 |
| | Grand total | | 76656121.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2731352.00 |
| 220000000 | Administrative Expenses | RP-12 | 1206696.00 |
| 230000000 | Operations & Maintenance | RP-13 | 2702741.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3601500.00 |
| 251000000 | Decentralised Plan Programme- Service Sector | RP- 16 | 21160412.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2474540.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 468216.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 489950.00 |
| 255000000 | Maintenance Projects | RP-20 | 3300039.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1105524.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 44000.00 |
| 280000000 | Prior Period item | RP-26 | -8760.00 |
| 320000000 | Grants, Funds & Contributions for | RP-31 | 59663.00 |

| | | | |
|---|---|---|---|
| | Specific Purposes | | |
| 350000000 | Other Liabilities | RP-36 | 4417962.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 904.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 172286.00 |
| 350000000 | Other Liabilities | RP-36 | 1244421.00 |
| 410000000 | Fixed Assets | RP-38 | 17168175.00 |
| 412000000 | Capital work in Progress | RP-40 | 91428.00 |
| 420000000 | Investments | RP-41 | 1000000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1651501.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 11389776.00 |
| Cash | Cash | RP-40(b) | 181795.00 |
| | Grand Total | | 76656121.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)